(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7291 ഗുണഭോക്താക്കൾക്കും പട്ടിക വർഗ്ഗത്തിൽപ്പെട്ട 495 ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം ഇതുവരെ ഭൂമി അനുവദിച്ചിട്ടുണ്ട്. 28557 പട്ടികജാതി ഗുണഭോക്താക്കൾക്കും 1731 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനുള്ളതായി കാണുന്നു.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അർഹരായ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയാണ് പദ്ധതി പ്രകാരം നൽകുന്നത്. എന്നാൽ അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന് പരാതി ഉണ്ടായിട്ടുള്ള കേസുകളിൽ അവ പരിശോധിച്ച് ഭൂമി മാറ്റി നൽകുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

195 (1276) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഐഷ പോറ്റി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തിനായി രൂപം കൊടുത്തിട്ടുള്ള പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഈ പദ്ധതി പ്രകാരം 43437 പേർക്ക് പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടമായി 14 ജില്ലകളിലും പട്ടയ മേളകൾ നടത്തിയിട്ടുണ്ട്. കണ്ണൂർ, കാസഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യുകൊണ്ട് മേല്പറഞ്ഞ 3 ജില്ലകളെ രാജ്യത്തെ തന്നെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

196 (1277) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെയായി എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രപേർക്ക് ഭൂമി നൽകാനായി എന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പട്ടയവിതരണം ചെയ്തവർക്ക് പോലും ഭൂമി കണ്ടെത്തി നൽകിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി അതാതിടങ്ങളിൽ തന്നെ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) തോട്ടം ഉടമകൾ നിയമവിരുദ്ധമായി കൈയടക്കി വച്ചിട്ടുള്ള ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; ഭൂമി വിലയ്ക്കു വാങ്ങാൻ തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly